A

വിദ്യാഭ്യാസ അവകാശം

സർവ ശിക്ഷാ അഭിയാൻ

**GI 612**

# പാദവാർഷിക മൂല്യനിർണയം 2017–18

## മലയാളം

**സ്റ്റാൻഡേർഡ് – 6** | **അടിസ്ഥാന പാഠാവലി** | **സമയം – 2 മണിക്കൂർ**

---

### അധ്യാപകർക്കുള്ള നിർദേശങ്ങൾ

1. മൂല്യനിർണയപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുൻപ് പതിനഞ്ചു മിനിറ്റ് സമാശ്വാസസമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കട്ടെ.
2. ആറു പ്രവർത്തനങ്ങളാണ് മൂല്യനിർണയത്തിനായി നൽകിയിട്ടുള്ളത്.
3. അവയിൽ ഏതെങ്കിലും അഞ്ചു ചോദ്യങ്ങൾക്ക് ഉത്തരമെഴുതിയാൽ മതി.
5. ഒരു പ്രവർത്തനത്തിന് അഞ്ചു പോയിന്റ്. (വസ്തുനിഷ്ഠചോദ്യങ്ങളുൾപ്പെടെ) ആകെ ഇരുപത്തിയഞ്ചു പോയിന്റ്.
6. ഓരോ പ്രവർത്തനത്തിനും ലഭിക്കുന്ന 5, 4, 3, 2, 1 പോയിന്റ് പരിഗണിച്ച് യഥാക്രമം a, b, c, d, e ഗ്രേഡുകൾ നൽകേണ്ടതാണ്.
7. ഉത്തരക്കടലാസിൽ ഗ്രേഡാണ് രേഖപ്പെടുത്തേണ്ടത്.
8. ഓരോ പ്രവർത്തനത്തിനും ലഭിച്ച ഗ്രേഡുകൾ പരിഗണിച്ച് ശതമാനപ്പട്ടിക ഉപയോഗപ്പെടുത്തി വിഷയങ്ങൾക്കുള്ള ഓവറോൾ ഗ്രേഡ് A, B, C, D, E നൽകണം.

---

**പ്രവർത്തനം – 1 വർണന** **സ്കോർ**

- കവിത വായിച്ച് ആശയം കണ്ടെത്തിയിട്ടുണ്ട് (1)
- കവിതയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി ഉറങ്ങുന്ന പ്രകൃതി വായനക്കാരന് കൺമുന്നിൽ തെളിയുംവിധം ആലങ്കാരികമായ ഭാഷയിൽ അവതരിപ്പിച്ചിട്ടുണ്ട്. (1)
- സവിശേഷമായ പ്രയോഗങ്ങൾ, ശൈലികൾ, അനുയോജ്യമായ രീതിയിൽ ഉപയോഗിച്ചിട്ടുണ്ട് (1)
- പൊലിപ്പിച്ചു പറയൽ, ഉദാഹരിക്കൽ എന്നിവ ഭാവനാംശം കലർത്തി അവതരിപ്പിച്ചിട്ടുണ്ട് (1)
- നിശ (1)

**പ്രവർത്തനം – 2 താരതമ്യക്കുറിപ്പ്**

- താരതമ്യത്തിന് വിധേയമായ സന്ദർഭത്തിന്റെ പരമാവധി ആശയം കണ്ടെത്തിയിട്ടുണ്ട് (2)
- ആശയങ്ങളുടെ പൂർവാപരക്രമം പാലിച്ചിട്ടുണ്ട് (1)
- സ്വന്തം നിരീക്ഷണം ഉൾപ്പെടുത്തിയിട്ടുണ്ട്. (1)
- ഉചിതമായ ഭാഷയിൽ രചിച്ചിട്ടുണ്ട്. (1)

---



http://11360ssaupssheni.blogspot.in/

**പ്രവർത്തനം - 3 ആസ്വാദനക്കുറിപ്പ്**

- കവിത വായിച്ച് ആശയം സ്വാംശീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്. (2)
- കവിതയെക്കുറിച്ചു താത്പര്യവും ആകാംക്ഷയും ഉണ്ടാകുന്ന വിധത്തിൽ അവതരിപ്പിക്കാൻ പറ്റിയ ഭാഷ (ഘടന, സവിശേഷപ്രയോഗങ്ങൾ, ശൈലി) ഉപയോഗിച്ചിട്ടുണ്ട്. (1)
- സ്വന്തം നിരീക്ഷണങ്ങൾ, ഉദാഹരണങ്ങളും തെളിവുകളും ചേർത്ത് അവതരിപ്പിച്ചിട്ടുണ്ട്. (1)
- വായിച്ച ഭാഗത്തിന്റെ സൗന്ദര്യതലം, ആശയങ്ങളുടെ സമകാലിക പ്രസക്തി എന്നിവ കണ്ടെത്തി യുക്തിപൂർവം അവതരിപ്പിച്ചിട്ടുണ്ട്. (1)

**പ്രവർത്തനം - 4 ഉപന്യാസം**

- സന്ദർഭവുമായി/വിഷയവുമായി ബന്ധപ്പെട്ട പരമാവധി ആശയങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. (2)
- ആശയങ്ങളും നിലപാടുകളും ശക്തമായി വായനക്കാരിലെത്തിക്കാൻ അനുയോജ്യമായ ഭാഷ (ഘടന, സവിശേഷപ്രയോഗങ്ങൾ, ശൈലി) പ്രയോഗിച്ചിട്ടുണ്ട് (1)
- തുടക്കം, പ്രധാന ആശയങ്ങൾ, ഖണ്ഡികാകരണം, വിശദീകരണങ്ങൾ, ഉപസംഹാരം എന്നിങ്ങനെ ഉപന്യാസത്തിന്റെ ഘടന പാലിച്ചിട്ടുണ്ട് (1)
- തന്റെ നിരീക്ഷണങ്ങളും നിലപാടുകളും യുക്തിപൂർവം ഉദാഹരണസഹിതം സ്ഥാപിച്ചിട്ടുണ്ട്. (1)

**പ്രവർത്തനം - 5 സംഭാഷണം**

- ആശയവ്യക്തതയുണ്ട്. (2)
- കഥാപാത്രങ്ങളുടെ പ്രതികരണങ്ങൾക്കു തുടർച്ചയുണ്ട്. (1)
- ആകർഷകമായ ഭാഷ ഉപയോഗിച്ചിട്ടുണ്ട്. (1)
- തെങ്ങുകളുടെയും അക്കമ്മയുടെയും മനോവിചാരങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. (1)

**പ്രവർത്തനം - 6 വിശകലനക്കുറിപ്പ്**

- വരികളെ വിശകലനം ചെയ്തു പ്രസക്തമായ ആശയങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (2)
- അവതരണത്തിന് അനുയോജ്യമായ ഭാഷ (സവിശേഷപ്രയോഗങ്ങൾ, ശൈലി) ഉപയോഗിച്ചിട്ടുണ്ട്. (1)
- സ്വന്തം നിരീക്ഷണങ്ങളെ നിലപാടുകളും തെളിവുകളും ഉദാഹരണങ്ങളും ചേർത്ത് വ്യക്തമാക്കിയിട്ടുണ്ട്. (1)
- ആശയം ലളിതമായി, ചുരുക്കി പ്രതിപാദിച്ചിട്ടുണ്ട്. (1)


http://11360ssaupssheni.blogspot.in/